(സി) പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കുന്നതും പുതിയ ആനുകൂല്യങ്ങൾ നൽകുന്നതും സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള നിർദ്ദേശങ്ങൾ വെളിപ്പെടുത്തുമോ ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) :

(എ) ഈ വിഭാഗം തൊഴിലാളികൾക്ക് നൽകിവരുന്ന പെൻഷൻ കാലോചിതമായി പരിഷ്കരിച്ചിട്ടുണ്ട്. ക്ഷേമനിധി ബോർഡുകളുടെ മോശമായ സാമ്പത്തിക സ്ഥിതി കാരണം മറ്റ് ആനുകൂല്യങ്ങൾ ഇപ്പോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) കർഷകത്തൊഴിലാളി പെൻഷൻ 1-4-2000 മുതലും കശുവണ്ടിത്തൊഴിലാളി പെൻഷൻ 1-3-1996 മുതലും സ്റ്റാഫ് പെൻഷൻ 1-7-1992 മുതലും ചുമട്ടു തൊഴിലാളികൾക്കുള്ള സൂപ്പറാന്വേഷൻ, ഫാമിലി പെൻഷൻ എന്നിവ 1-2-2003 മുതലും ഇൻവാലിഡ് പെൻഷൻ 20-1-2003 മുതലും തീരുമാനിച്ചു.

(ഡി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ ഇപ്പോൾ പരിഗണനയിലില്ല.

പ്രൈവറ്റ് ബസ്സുകളുടെ ഓവർലാപ്പിംഗ്

14 (* 721) ശ്രീ. ഡി. സുഗതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. എ. കെ. മണി :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഓപ്പറേറ്റുചെയ്യുന്ന റൂട്ടുകളിൽ പ്രൈവറ്റ് ബസ്സുകളുടെ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കിലോമീറ്റർ ഓവർലാപ്പിംഗ് അനുവദിച്ചിട്ടുണ്ട് ;

(സി) ആയത് കെ. എസ്. ആർ. ടി. സി. യെ ഏതുവിധത്തിലാണ് ബാധിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ) ദേശസാൽക്കരണ പദ്ധതികളുടെ വ്യവസ്ഥകൾ പലവിധത്തിലുണ്ട്. പ്രൈവറ്റ് മേഖലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടും, ഭാഗീകമായി ഒഴിവാക്കിക്കൊണ്ടും നിലവിൽ ഉള്ള സഹകാര്യ സർവ്വീസുകൾക്ക് പുരകമായി സപ്ലിമെന്റേഷൻ പദ്ധതി എന്നിവ ഇതിൽപ്പെടുന്നു. ഓരോ റൂട്ടിന്റെയും ദേശസാൽക്കരണ പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഓവർലാപ്പിംഗ് അനുവദനീയമാണോ അല്ലയോ എന്ന് നിശ്ചയിക്കുന്നത്.

(സി) ഓരോ റൂട്ടിന്റെയും ദേശസാൽക്കരണ പദ്ധതിയുടെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുള്ള ഓവർ ലാപ്പിംഗ് മൂലം കെഎസ്ആർടിസി. യുടെ വരുമാനത്തിൽ 25% കുറവ് അനുഭവപ്പെടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[25-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 14 (4174) ദയവായി കാണുക]

Kerala Small Industries Development Corporation Limited

Vacancy Position of Lands and sheds in industrial estates

Sl.No.	Name of Industrial Estate	Revenue value per cent in ₹
1	Pappanamcode	25000 (as on 2002)
2	Umayanallor	10000 (as on 1998)
3	Karunagappally	26991 (as on 1999)
4	Kollakadavu	12018 (as on 2001)
5	Cherthala	31172 (as on 2002)
6	Palluruthy	No Revenue value available
7	Changanacherry	12146 (as on 2002)
8	Ettumanoor	18439 (as on 2002)
9	Mudickal	9320 (as on 2001)
10	Ollur	30000 (as on 2002)
11	Kallettumkara	23000 (as on 2002)
12	Karakkad	15000 (as on 2000)
13	Olavakkode	10000 (as on 2002)
14	Manjeri	39000 (as on 2000)
15	West Hill	30000 (as on 2002)
16	Palayad	3000 (as on 2001)
17	Kasaragod	23438 (as on 2002)

LIBRARY ARCHIVES Kerala Legislative Assembly